For Private Circulation Only

May 2019

ആഗമനാരുണൻ

Vol.66 | “ ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട് ” (1യോഹ.2:1) | No.5

പാപലോകത്തിൽ വിശുദ്ധിയിൽ ജീവിക്കുന്നു

By T.A.Hegre (1908 - 1984)

നാം വാസ്തവമായി വീണ്ടും ജനിച്ച വ്യക്തി എങ്കിൽ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും ജീവിപ്പാനാവശ്യമായ ഒരു തീരുമാനം ഉണ്ടായിരിക്കും. ഇവിടെയുള്ള ചോദ്യം എങ്ങനെയാണ് നാം വിശുദ്ധരായിത്തീർന്നത്? എങ്ങനെ ദൈവം നമ്മെ വിശുദ്ധന്മാരാക്കുന്നു?

മനുഷ്യൻ പാപം ചെയ്തപ്പോൾ, അവന്റെ നിഷ്കളങ്കത നഷ്ടപ്പെട്ടു. അശുദ്ധനായിത്തീർന്നു. ആത്മീക ജീവിതം തനിക്ക് നഷ്ടപ്പെട്ടു. അതിക്രമങ്ങളിലും പാപത്തിലും മരിച്ചവനായിത്തീർന്നു. അവന്റെ ശക്തി നഷ്ടപ്പെട്ടു. പകരം പിശാചിനും ലോകത്തിനും അടിമകളായിത്തീർന്നു. ഏറ്റവും വലിയ നഷ്ടം ഹൃദയത്തിലെ വിശുദ്ധി നഷ്ടപ്പെട്ടതാണ്.

എന്നാൽ വീണുപോയ മനുഷ്യന് ദൈവരക്ഷ ഒരുക്കി. നമ്മുടെ പാപത്തിന് പരിഹാരം ഒരുക്കി. ഇപ്പോഴത്തെ ലോകത്തിലും വരുവാനുള്ളതിലും ജീവിക്കുവാനുള്ള ദൈവകൃപ പകർന്നു തന്നു. മനുഷ്യന്റെ ഹൃദയത്തെ വിശുദ്ധീകരിക്കുവാൻ പല വഴികൾ ദൈവം ഒരുക്കി എന്ന് ചിന്തിക്കുന്നുണ്ടോ? ദൈവത്തിന്റെ വീണ്ടെടുപ്പിൻ വേലയിൽ സ്ഥിരമായതും തുടരുന്നതുമായ ചിന്താഗതികളുണ്ട്.

രക്തത്താൽ ശുദ്ധീകരിച്ചു.

അവയിൽ ഒന്നമത്തേത്, രക്തത്താൽ നാം ശുദ്ധീകരിക്കപ്പെട്ടു. നമ്മുടെ പാപക്ഷമയുടെ ഏകവും പൂർണ്ണവുമായ അടിസ്ഥാനം ക്രിസ്തു കാൽവറി ക്രൂശിൽ തന്റെ രക്തം ചിന്തി എന്നതാണ്. ദൈവത്തിന്റെ സ്നേഹം വചനപ്രകാരം കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിച്ച് മാനസാന്തരപ്പെടുന്നവന് പാപക്ഷമ ലഭിക്കും. സൃഷ്ടിയുടെ ആരംഭത്തിൽ, മനുഷ്യന്റെ വീഴ്ചയ്ക്കു ശേഷം പഴയനിയമത്തിലെ മൃഗയാഗങ്ങൾ ക്രിസ്തുവിന്റെ മരണത്തിന് സാദൃശ്യം വഹിച്ചു. പുതിയ നിയമത്തിൽ സ്നാപകയോഹന്നാൻ പറഞ്ഞത് പഴയ.നിയമയാഗങ്ങൾ യേശുവിന്റെ പരമയാഗത്തിന് നിഴലായിരുന്നു എന്നാണ്. യോഹന്നാൻ പറഞ്ഞു. “ ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ” (യോഹ. 1:29).

അപ്പോസ്തലനായ യോഹന്നാൻ തന്റെ ആദ്യ ലേഖനത്തിൽ പറയുന്നത്, “അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തവും നീതിമാനും ആകുന്നു” (1യോഹ.1:7-9).

യേശുവിന്റെ രക്തത്താൽ പാപം നീക്കി വിശുദ്ധി സാദ്ധ്യമാക്കി. യേശുവിന്റെ രക്തം നമ്മുടെ പാപം നീക്കി നമ്മെ ശുദ്ധീകരിക്കുന്നു. ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; “ രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല ” . (എബ്രാ. 9:21. മാനസാന്തരപ്പെടുന്ന പാപിയുടെ പാപം ക്ഷമിച്ച് ദൈവം അവനെ ശുദ്ധീകരിക്കുന്നു. അങ്ങനെയുള്ള ഒരുവൻ ഉയരത്തിൽ നിന്ന് ജനിച്ചിരിക്കുന്നു, ആ നിമിഷം മുതൽ അവന് നിത്യജീവന്റെ ഉറപ്പ് ലഭിക്കുന്നു.

ക്രൂശിനാൽ വിശുദ്ധീകരിക്കപ്പെട്ടു.

ക്രൂശിനാൽ നാം വിശുദ്ധീകരിക്കപ്പെട്ടു. മനുഷ്യന്റെ എല്ലാ മണ്ഡലങ്ങളെയും പാപം ബാധിച്ചിരുന്നു. വീണ്ടെടുപ്പ് ഒരു നിസാരകാര്യമല്ല. അതിന് ജ്ഞാനവും ദൈവശക്തിയും ആവശ്യമാണ്. ഒരുവൻ പാപക്ഷമ പ്രാപിക്കുമ്പോൾ നിത്യജീവനെക്കുറിച്ചുള്ള ഉറപ്പ് ലഭിക്കുന്നു. പാപം രണ്ടുവിധമുണ്ട്. ഒന്ന് പാപത്തിന്റെ പ്രവൃത്തി, മറ്റൊന്ന് അകത്ത് പ്രവർത്തിക്കുന്ന പാപത്തിന്റെ പ്രമാണം. അത് ക്ഷമിക്കപ്പെടുകയില്ല. അത് മരിക്കണം.

മനുഷ്യന്റെ പാപസ്വഭാവത്തെ സംബന്ധിച്ച് വളരെ നന്നായി യെശയ്യാവ് സംസാരിക്കുന്നു, നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു, നാം ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു, എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി ” (യെശ. 53:6). സ്വാർത്ഥതയാണ് മനുഷ്യന്റെ പാപത്തിന്റെ പ്രധാന ഘടകം. അത് ക്ഷമിക്കപ്പെടുകയില്ല, അത് അവസാനിക്കണം. ഞാൻ എന്ന ഭാവം അത് ക്രൂശിൽ തറയ്ക്കപ്പെടണം.

നമ്മുടെ സ്വാർത്ഥ പ്രവർത്തികളെ ക്ഷമിക്കുവാൻ ദൈവത്തിന് കഴിയും. എന്നാൽ ഒരുവൻ പിന്നെയും മന:പൂർവ്വമായ തന്റെ സ്വാർത്ഥവഴികളിൽ നടന്നാൽ ദൈവം ക്ഷമിക്കയില്ല. ഇത് അവസാനിക്കണം. മനുഷ്യന്റെ ഈ അവസ്ഥയ്ക്ക് രക്തമല്ല, ക്രൂശാണ് ആവശ്യം. യേശു ഇങ്ങനെ പറഞ്ഞു. “ ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ ” (മത്താ.16:24).

ഇതിനെക്കുറിച്ച് അപ്പോസ്തലനായ പൗലൊസ് റോമർ 6-ാം അദ്ധ്യായത്തിൽ ചോദിക്കുന്നത്, “ ആകയാൽ നാം എന്തു പറയേണ്ടൂ? കൃപ പെരുകേണ്ടതിന് പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ” (റോമർ 6:1). “ എന്നിട്ട് താൻ പറയുന്നു, ഒരു നാളും അരുത് ”, ശേഷിക്കുന്ന വേദഭാഗങ്ങളിൽ കാണുന്നത്, സ്വാർത്ഥജീവിത്തിന്റെ അന്തരംഗങ്ങളിൽ

(ശേഷം 6-ാംപേജിൽ)

വിശുദ്ധിക്കുവേണ്ടിയുള്ളവാഞ്ഛ

By Nancy Demoss Wolgemuth

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ 20 വർഷക്കാലം കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ ഉരുക്കു മുഷ്ടി നേതാക്കളിലൊരാളായ നിക്കോളാസ് സെയൂസ്കുറൊമാനിയ ഭരിച്ചിരുന്നു. ക്രിസ്ത്യാനികൾ ആ കാലത്ത് വളരെ പീഢനങ്ങൾ അനുഭവിച്ചിരുന്നു. അവർ ഉപേക്ഷിക്കപ്പെടുകയും മാനാസന്തരക്കാർ എന്ന് ആക്ഷേപിക്കപ്പെടുകയും ചെയ്തിരുന്നു.

1969-ൽ ഗവൺമെന്റ് റ്റിമിസോറായിലുള്ള ഒരു പാസ്റ്ററുടെ പ്രസംഗിക്കുവാനുള്ള ലൈസൻസ് റദ്ദാക്കി. തന്റെ ഉപജീനമാർഗ്ഗം തടസ്സപ്പെട്ടു, പല ജോലികളും തിരക്കി. ഒടുവിൽ കടകളിൽ പേപ്പർ ബേഗ് ഒട്ടിച്ചു നൽകുന്ന ജോലിയിലേർപ്പെട്ടു തന്റെ ജോലിയിലേർപ്പെട്ടിരിക്കുമ്പോൾ തന്നെ ഉണർവ്വിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടും ഇരുന്നു. എന്നാൽ അത്ഭുതകരമായി 1973-ൽ പുതുക്കി ലഭിച്ചു. ഒറേഡിയയിലുള്ള രണ്ടാമത്തെ ബാപ്റ്റിസ്റ്റ് സഭയിൽ നിയമിതനായി.

സഭയായി താൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. സഭാവിശ്വാസികൾ തങ്ങളുടെ കൂട്ടുകാരും ബന്ധുക്കളും സഹപാഠികളും രക്ഷിക്കപ്പെടുവാനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

എന്നാൽ ഈ പാസ്റ്ററുടെ പ്രാർത്ഥന വെറും പുറമേയുള്ള ആളുകൾക്കു വേണ്ടി മാത്രമായിരുന്നില്ല. സഭയിൽ ഒരു ഉണർവ്വുണ്ടാകുവാൻ അദ്ദേഹം പ്രാർത്ഥിച്ചു. അനുതപിക്കേണ്ടത് അവിശ്വാസികൾ മാത്രമല്ല, മാനസാന്തരം വിശ്വാസികൾക്കും ഉണ്ടാകണം എന്ന് പ്രബോധിപ്പിച്ചു. വിശ്വാസികൾ മാനസാന്തരപ്പെടേണ്ടതിന്റെ ആവശ്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. മുറുകെപ്പറ്റുന്ന പാപങ്ങളെ വിട്ടുകളയാതെ ഉണർവ്വ് ഉണ്ടാകുവാൻ സാദ്ധ്യമല്ല എന്ന് അദ്ദേഹം പഠിപ്പിച്ചു. തന്റെ നിലപാട് പലരെയും ആശയക്കുഴപ്പത്തിലാക്കി.

രാജ്യത്തിന്റെ നിയമങ്ങളും പൂർണ്ണമായി പാലിക്കണം എന്ന് പഠിപ്പിച്ചു. ഉദാഹരണമായി വസ്തുക്കളും ഫാക്ടറികളും വ്യാപാരസ്ഥാപനങ്ങളം ഗവൺമെന്റിന് കൊടുക്കണം എന്ന് നിയമമുണ്ടായി. എന്നാൽ തങ്ങളുടെ സ്വന്തമായ വസ്തുവോ സ്ഥാപനങ്ങളോ അങ്ങനെ കൊടുക്കുവാൻ സാദ്ധ്യമല്ല എന്ന് അളുകൾ ചിന്തിച്ചു. എന്നാൽ ഈ പാസ്റ്റർ പ്രസംഗിച്ചത് ഗവൺമെന്റിന്റെ നിയമങ്ങളും ചെറു തോവലുതോ ആയാലും അതു ലംഘിക്കുന്നതും പാപം എന്നാണ്.

മറ്റൊന്ന് മദ്യവുമായി ബന്ധപ്പെട്ട ഉപദേശമാണ്. ഒറേഡിയയിൽ ധാരാളം മുന്തിരിത്തോട്ടങ്ങളുണ്ടായിരുന്നു. മദ്യപാനം അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. വിശ്വാസികൾ പോലും കുടിക്കുമായിരുന്നു. ഈ പാസ്റ്റർ വിശ്വസിച്ചത് മദ്യപാനം പാപമാണ് എന്നാണ്. അത് വിട്ടു തിരിയുവാൻ അദ്ദേഹം വിശ്വാസികളെ പ്രബോധിപ്പിച്ചു.

അനേക ആനുകാലിക സുവിശേഷകന്മാരും വിശ്വാസികളും സുഖകരമല്ലാത്ത വിശദീകരണമാണ്. മദ്യപാനം പാപമാണ് എന്നതിനെ സംബന്ധിച്ച് നൽകുന്നത്. വാദപ്രതിവാങ്ങളിലും മാനസാന്തരക്കാർ മാനാസന്തരത്തിൽ ഉറച്ചു നിന്നു. വിശുദ്ധിയ്ക്ക് അവർ പ്രാധാന്യം കൊടുത്തു. ദൈവത്തിന് മഹത്വം കൊടുക്കുവാൻ കഴിയാത്ത എല്ലാറ്റിൽ നിന്നും അവർ വിട്ട് നിന്നു.

അവർ അങ്ങനെ ചെയ്തപ്പോൾ ദൈവം ഉണർവ്വ് അയ

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം.

“ നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ; എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും ”. (യോഹ.14:1:3).

2019 -ാം വർഷത്തിന്റെ ഏപ്രിൽ മാസം നമ്മെ വിട്ട് കടന്നു പോയി. മേയ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ ധാരാളം നന്മകളും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. യേശു നല്ലവനാണ് ലോകാന്ത്യത്തോളം നമ്മോടുകൂടെ നിന്നു വഴി നടത്തുവാൻ ശക്തൻ. അവൻ നമ്മെ സ്നേഹിക്കുന്നു.

ക്ഷ്ടത ദൈവമക്കളുടെ അവകാശമാണ്. ദൈവത്തിന് തന്റെ മക്കളായ നമ്മെ സംബന്ധിച്ചുള്ള ഏറ്റവും വലിയ കരുതൽ നാം സൗഖ്യമുളളവരായിരിക്കണം, സമ്പന്നനായിരിക്കണം എന്നുമുള്ളതല്ല. മറിച്ച് നാം തന്റെ പുത്രന്റെ സ്വഭാവത്തോട് അനുരൂപപ്പെട്ടിട്ടുണ്ടോ? അങ്ങനെ നാം നിത്യ ജീവനുവേണ്ടി ഒരുക്കപ്പെട്ടുവോ എന്നാണ്.

ബലഹീനതകളും കഷ്ടങ്ങളും അനുഭവിക്കുന്നവർക്കുള്ള വാഗ്ദത്തങ്ങൾ വേദപുസ്തകം പറയുന്നുണ്ട്. മാത്രമല്ല കഷ്ടത അനുഭവിക്കുന്നവർക്കുള്ള അനുഗ്രഹങ്ങളും നിരവധിയുണ്ട്. കഷ്ടതയിലൂടെയാണ് ദൈവം തന്റെ മക്കളെ ശുദ്ധീകരിക്കുന്നത്. നാം ദൈവത്തോട് അടുത്തു ചെല്ലണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മോട് കൂടെയുണ്ട്. കഷ്ടത നിറഞ്ഞ ലോകത്തെ ജയിച്ച ജയാളിയായ യേശുകർത്താവിൽ ആശ്രയം വെച്ച് നമുക്കു മുമ്പോട്ട് പോകാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ബേസിൽ മാലോഫ് കിഴക്കൻ യൂറോപ്പിലെ അപ്പോസ്തലൻ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ അടിമകളുടെ ഇടയിൽ അയയ്ക്കപ്പെട്ട ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട അപ്പോസ്തലനാണ് ബേസിൽ മാലോഫ്. ജയിംസ് അലക്സാണ്ടർ, സറ്റുവർട്ട് ചില വർഷങ്ങൾ അദ്ദേഹവുമായി സഹകരിച്ചു പ്രവർത്തിച്ചിരുന്നു.

ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ഒരുക്കം

ലാറ്റ് വിയയിലുള്ള ഒരു പാസ്റ്ററുടെ കുടുംബത്തിലാണ് 1883-ൽ ബേസിൽ മാലൊഫ് ജനിച്ചത്. അത് അപ്പോൾ സാർ ചക്രവർത്തിമാരുടെ ഒരു പ്രവിശ്യയായിരുന്നു. ആ സമയങ്ങളിൽ അവിടെ സുവിശേഷംത്തിന് അല്പം സ്വാതന്ത്ര്യം ഉണ്ടായിരുന്നു. 15-ാം വയസ്സിൽ ബേസിൽ ക്രിസ്തുവിങ്കേലയ്ക്ക് വന്നു. 16-ാം വയസിൽ തന്റെ ആദ്യത്തെ സുവിശേഷ പ്രസംഗം നടത്തി. 18-ാം വയസ്സിൽ ഒരു ഓഫീസിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ പൂർണ്ണസമയം വേലക്കാരനായി നഷ്ടപ്പെട്ടിരിക്കുന്ന റഷ്യൻ ജനതയുടെയിടയിലേയ്ക്ക് ചെല്ലുവാനുള്ള ദൈവവിളി താൻ തിരിച്ചറിഞ്ഞു.

ആ കാലത്ത് സുവിശേഷ വേലയ്ക്കുവേണ്ടി ഒരുങ്ങുവാൻ ഒരു വേദപാഠശാല റഷ്യയിൽ തനിക്ക് ഇല്ലായിരുന്നു. എന്നാൽ ലണ്ടനിൽ ഉള്ള ചാൾസ് സ്പർജന്റെ പാസ്റ്റോഴ്സ് കോളെജ് എന്ന സ്ഥാപനത്തെക്കുറിച്ച് താൻ അറിഞ്ഞു, പരിശീലനത്തിനായി അങ്ങോട്ടുപോയി. ആ കാലത്ത് ചാൾസ് സ്പർജൻ ജീവിച്ചിരിപ്പില്ലായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മകൻ തോമസ് സ്പർജൻ ആയിരുന്നു ആ സ്ഥാപനം നടത്തിയിരുന്നത്. അദ്ദേഹം സന്തോഷത്തോടെ ബേസിലിനെ കൈക്കൊണ്ടു. സ്പർജനും കൂട്ടുകാരും ആ കാലത്ത് അടിമകളുടെയിടയിൽ വേലയ്ക്കായി യോഗ്യനായ ഒരാളിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചു വരികയായിരുന്നു. ഉയർന്ന ദൈവകൃപയുള്ളവരായി, ലാത്വിയയിൽ നിന്നുള്ള ചെറുപ്പക്കാരൻ ഇംഗ്ലീഷ് പഠിക്കാനുള്ള തന്റെ താലാപര്യത്തിലും അവർ സന്തോഷിച്ചു. ദൈവത്തിന്റെ ഇഷ്ടം അറിയാനുള്ള തന്റെ താല്പര്യവും വിശുദ്ധജീവിതത്തിനായുള്ള തന്റെ താല്പര്യവും ദൈവവചനത്തിന്റെ ആഴങ്ങൾ ഗ്രഹിക്കാനുള്ള തന്റെ ആകാംഷയും അവർ ബേസിലിൽ കണ്ടു. താൻ വായിച്ച ഫിന്നി, ബ്രൈനേഡ്, പ്രത്യേകാൽ ജോൺനോക്സ് എന്നിവരുടെ ജീവിതാനുഭവങ്ങൾ ദൈവ വേല ചെയ്യുവാനുള്ള തന്റെ ആഗ്രഹത്തെ അധികം തൊട്ടുണർത്തി. ആ സ്ഥാപനത്തിലുള്ള ബേസിലിന്റെ വാസവും മദ്ധ്യസ്ഥ പ്രാർത്ഥനകളും ഒരുക്കങ്ങളം കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വരുംകാലങ്ങളിൽ തിളങ്ങുവാനുള്ള അടിസ്ഥാനമായി മാറി.

ബേസിൽ ലണ്ടനിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ വെൽഷ് ഉണർവ്വ് പൊട്ടിപുറപ്പെട്ടു. താൻ സമയം നഷ്ടമാക്കാതെ രണ്ട് ആഴ്ച അതിന്റെ നടുവിൽ ചെലവഴിച്ചു. ആ സമയത്ത് പരിശുദ്ധാത്മാവിനെക്കുറിച്ച് ആഴമായി അറിയാനും അതിന്റെ മാധുര്യം രുചിച്ചറിയാനും കഴിഞ്ഞു. ദൈവം തന്റെ ജനത്തിന്റെ ഇടയിൽ ചെയ്യുന്ന പ്രവർത്തികൾ തന്റെ ജീവിതത്തെ പാടേ രൂപാന്തരപ്പെടുത്തി. ഒരു സാധാരണ സുവിശേഷകൻ ആയിരിക്കുന്നതിൽ താൻ തൃപ്തിപ്പെട്ടില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പൂർണ്ണ നിയന്ത്രണത്തിൽ വ്യാപരിക്കുന്ന ദൈവത്തിന്റെ തേജസ്സും മഹത്വവും വെളിപ്പെടുന്ന ദൈവപ്രവർത്തിക്കായി താൻ ഏറെ വാഞ്ചയോടെ കാത്തിരുന്നു.

സെന്റ് പീറ്റേഴ്സ് ബർഗ്ഗിലുള്ള തന്റെ പ്രാരംഭശുശ്രൂഷ

1907-ൽ ഉയർന്ന ബഹുമതികളോടെ തന്റെ പരിശീലനത്തിന്റെ ഗ്രാഡുവേഷൻ ഏറ്റുവാങ്ങി. റഷ്യയിൽ ദൈവത്തിന്റെ വേല പ്രായോഗികമായും ചെയ്യുവാനുള്ള വഴികളെ അന്വേഷിച്ചു. ഭാഗ്യവശാൽ റഷ്യയുടെ ചക്രവർത്തി നിക്കോളസ് ഒരു മതസ്വാതന്ത്ര്യവിളംബരം പ്രഖ്യാപിച്ചു. ആ കാലത്ത് ബേസില്ന് 24 വയസ്, സെന്റ് പീറ്റേഴ്സ്ബർഗ്ഗിലെ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെയിടയിൽ ഒരു പ്രവർത്തനം തുടങ്ങി. ഇംഗ്ളണ്ടിൽ നിന്നും ഉള്ള ഒരു സുവിശേഷകനാൽ ക്രിസ്തുവിലേയ്ക്ക് നടത്തപ്പെട്ടു ചില സഹോദരിമാരെ പരിചയപ്പെട്ടു. ഉന്നതനിലവാരമുള്ള ആളുകളുടെയിടയിൽ ഒരു പ്രവർത്തനം തുടങ്ങി.

(ശേഷം അടുത്ത ലക്കം)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക — *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക — *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക — *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക — *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക — *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക — *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക — *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക — *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാംപേജിന്റെ തുടർച്ച)

വിശുദ്ധിക്കു വേണ്ടിയുള്ള വാഞ്ഛ

ച്ചു. ആറുമാസം അവർ പ്രസംഗിക്കയും പ്രാർത്ഥിക്കയും അനുതപിക്കുകയും ചെയ്തപ്പോൾ ശുദ്ധീകരണത്തിന്റെ ഫലം അവരിൽ വെളിപ്പെട്ടുവന്നു. അങ്ങനെയുണ്ടായ ഫലങ്ങളിൽ പ്രധാനമായ ഒന്ന് വലിയ കൂട്ടം അവിശ്വാസികൾ മാനസാന്തരപ്പെട്ടു. ഉണർവ്വ് ആരംഭിക്കുന്നതിന് മുമ്പ് 500 അംഗങ്ങളുള്ള സഭ ആണ്ടിൽ 10 പേരെ സ്നാനപ്പെടുത്തുമായിരുന്നു. എന്നാൽ 1974 ജൂൺ മുതൽ ഡിസംബർ വരെ ഒറേഡിയയിലെ സഭ പുതിയതായി മാനാസാന്തരപ്പെട്ട 250 ആളുകളെ സ്നാനപ്പെടുത്തി. അടുത്ത 2 വർഷങ്ങളിൽ 400-ൽ അധികം ആളുകളെ സ്നാനപ്പെടുത്തി. ഒരു രാജ്യത്ത് മാനസാന്തരവും ഉണർവ്വും ഉണ്ടാകേണമെങ്കിൽ ക്രിസ്തുവിനു വേണ്ടി മരിക്കുവാനുള്ള ഒരുക്കം ഉണ്ടായിരിക്കണം.

ഉണർവ്വിനെ ഒരു പ്രത്യേക സഭയിൽ ഒതുക്കി നിർത്തുവാൻ കഴിയുകയില്ല. അത് സഭയിൽ നിന്നും പൊട്ടിപ്പുറപ്പെട്ട് ആ ചുറ്റുപാടൊക്കെയും നിറയുന്നു. അത് മറ്റുള്ള സുവിശേഷവിഹിത സഭകളിലും വ്യാപരിച്ചിട്ട് രാജ്യത്തുടനീളം അനുഭവമായിത്തീരുന്നു. ഉണർത്തപ്പെട്ട വിശ്വാസികൾ ആത്മാവിൽ ധൈര്യം പ്രാപിച്ച് വിശ്വാസത്തിനു വേണ്ടി നിൽക്കുന്നു. നമ്മുടെ സഭകളിൽ പലതിലും നാം സുവിശേഷ പ്രസക്തമായി നിലനിൽപാൻ ശ്രമിക്കുന്നു. അപ്പോൾ ആളുകൾ സഭകളിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. നാം ആളുകളിൽ നിന്ന് വ്യത്യസ്തരായോ, ഉന്നതമായ നിലയിലോ, കൂടുതൽ ആത്മീയരായിട്ടോ, ആളുകൾ നമ്മെ വിട്ട് പേടിച്ച് അകന്നു പോകുന്നവരായിട്ടോ അല്ല. ഒരിക്കൽ ഒറേഡിയായിലെ സഭകൾ ആളുകളിൽ നിന്നും അകന്നു നില്പാൻ ശ്രമിച്ചു. അന്ന് അകന്ന് നിന്ന അവിശ്വാസികൾ ഇന്ന് തടസം കൂടാതെ ക്രിസ്തുവിങ്കലേയ്ക്ക് അടുത്തുകൊണ്ടിരിക്കുന്നു.

നാം ആളുകളെ ക്രിസ്തുവിൽ വസിക്കുവാനായി വിളിക്കേണ്ടതിനുപകരം നാം ലോകത്തിൽ വസിക്കുന്നു. നമ്മുടെ ഏറ്റവും വലിയ ആകർഷണീയത എന്നത് ലോകക്കാരെപ്പോലെയായിരിക്കുക എന്നതല്ല, ലോകത്തിൽ നിന്ന് വ്യത്യസ്തരായി യേശുവിനെപ്പോലെ ആയിരിക്കുന്നു എന്നതിലാണ്.

സുവിശേഷ വിഹിത സഭകളിലെ ഉണർവിന്റെ അഭാവം സഭയിലെ സാധാരണ കാര്യങ്ങൾക്കൊന്നും കുറവു വരുത്തുന്നില്ല. നമുക്ക് കോൺഫറൻസുകളുണ്ട്, പദ്ധതികളുണ്ട്, മാദ്ധ്യമപ്രവർത്തനങ്ങളുണ്ട്, പുസ്തകങ്ങളുണ്ട്, മാസികകളുണ്ട്, റേഡിയോ, ടി.വി.പ്രോഗ്രാമുകൾ എല്ലാം ചരിത്രത്തിലെ ഏതൊരു തലമുറയിലേതിനേക്കാൾ വളരെയധികമുണ്ട്. പ്രാർത്ഥനാ കൂട്ടങ്ങളുമുണ്ട്. ആത്മീയ ബോധവൽക്കരണ പരിപാടികൾ മറ്റെല്ലാക്കാലത്തെക്കാളുമുപരി നമുക്കുണ്ട്. പക്ഷേ എന്തോ നഷ്ടപ്പെട്ടിരിക്കുന്നു.

ഞാൻ ഓർക്കുന്നു ഒരു പ്രവർത്തനത്തിന്റെ നേതാവിനോട് സംസാരിക്കുമ്പോൾ അദ്ദേഹം പറഞ്ഞത്, ധാരാളം ആളുകൾ പ്രാർത്ഥിക്കുന്നു, അനേകർ അനുതപിക്കുന്നു എന്നാൽ വളരെ കുറച്ചുപേർ മാത്രമേ ജീവിത രീതി വ്യത്യാസപ്പെടുത്താൻ ശ്രമിക്കുന്നുള്ളൂ. ആ പ്രസ്താവന കേട്ടപ്പോൾ ഒരു പ്രകാശം എന്റെ ഉള്ളിൽ ചുറ്റി മിന്നി. ആളുകൾ തങ്ങളുടെ ജീവിത രീതി വ്യത്യാസപ്പെടുത്തിയില്ലെങ്കിൽ അവിടെ മാനസാന്തരമില്ല. നാം മാനസാന്തരപ്പെടുന്നില്ലെങ്കിൽ നമ്മുടെ പാട്ടുകൊണ്ടോ, പ്രാർത്ഥനകൊണ്ടോ സ്തുതികൊണ്ടോ യാതൊരു പ്രയോജനവുമില്ല, കാരണം നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, നാം പറയുന്നു ഒരു കുഴപ്പവുമില്ല, ഞാൻ ഇപ്പോൾ ഉണർവ്വിലാണ്.

വിശുദ്ധിയെ ഗൗരവമായെടുക്കുന്നു

എന്തു പ്രാധാന്യമാണ് വിശുദ്ധിയ്ക്ക് നിങ്ങളിലുള്ളത്. അതിനെക്കുറിച്ച് ചിന്തിക്കുകയും ശ്രദ്ധിക്കയും പ്രവർത്തിക്കയും ചെയ്യുന്നത് എത്രത്തോളമാണ്? ദൈവത്തിന് ഇഷ്ടമില്ലാത്തതിനെ തള്ളിക്കളഞ്ഞ് ഒരു വിശുദ്ധ ജീവതം നയിക്കുവാൻ നിങ്ങൾ തയ്യാറാണോ? അതാണോ നിങ്ങളുടെ ഒന്നാമത്തെ കാര്യം? നിങ്ങളുടെ ദൗത്യം വിശുദ്ധിയ്ക്കു വേണ്ടി ആയിരിക്കുമോ?

നിങ്ങളുടെ കുഞ്ഞുങ്ങളുടെ വിശുദ്ധജീവിതം എത്രത്തോളം പ്രധാനപ്പെട്ടതാണ് നിങ്ങൾക്ക്? നിങ്ങൾ ശ്രദ്ധിക്കുന്നത് നിങ്ങളുടെ കുട്ടികളുടെ പഠനത്തിലള്ള മികവാണോ, കളിയിലുള്ള നേട്ടമാണോ? ഈ ലോകത്തിൽ അവരുടെ നേട്ടങ്ങളാണോ? അതോ അവരുടെ ഹൃദയത്തിന്റെയും ജീവിതത്തിന്റെയും വിശുദ്ധിയാണോ? അവർ ദൈവമക്കളായി ജീവിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ? അവരുടെ പാപം നിങ്ങളെ മുട്ടിന്മേൽ നില്ക്കുന്നതിലേയ്ക്ക് നയിക്കുന്നുണ്ടോ? ഒരു നല്ല ഹൃദയം അവർക്ക് കൊടുക്കുന്നതിനുവേണ്ടി ദൈവത്തോട് അഭയ യാചന ചെയ്യുന്നുണ്ടോ? അവരുടെ മാനസാന്തരത്തിനു വേണ്ടി നിങ്ങൾ കരയുന്നുണ്ടോ? ദൈവസഭയുടെ വിശുദ്ധിയെ സംബന്ധിച്ച് നിങ്ങളുടെ ചിന്താഗതി എന്താണ്? അത് നിങ്ങളെ ദു:ഖിപ്പിക്കുമോ?

* ക്രിസ്ത്യാനികൾ സ്നേഹമില്ലാത്തവരും ക്ഷമിക്കാത്തവരും ആയിരിക്കുമ്പോൾ
* അവർ വെടി പറയുന്നവരും തീറ്റപ്രിയരുമായിരിക്കുമ്പോൾ
* ദൈവത്തെ മഹത്വപ്പെടുത്തുന്നതിനെക്കാൾ ആത്മീയ അഭിവൃദ്ധിയെക്കാൾ വസ്തുവകകളിലും സ്ഥാനമാനങ്ങളിലും നോട്ടമിടുമ്പോൾ
* തങ്ങളുടെ മാതാപിതാക്കളെ പകയ്ക്കുമ്പോൾ കൂട്ടാളിയെ ഉപേക്ഷിക്കുമ്പോൾ
* അവർ സ്വയപ്രശംസയിലും സ്വാർത്ഥതയിലും മുഴുകുമ്പോൾ
* അവർ ദുർസ്വഭാവമുള്ളവരും മത്സരക്കാരും ആകുമ്പോൾ
* അവർ തന്നിഷ്ടത്തിലും അശുദ്ധിയിലും ആയിരിക്കുമ്പോൾ
* യാതൊരു ഭയവുമില്ലാതെ പാപം ചെയ്യുമ്പോൾ

എന്താണ് നമ്മുടെ നാളുകളിൽ സംഭവിക്കുന്നത്? ഒരിക്കൽ കൂടെ നമ്മുടെ സഭകളിൽ ദൈവപ്രവൃത്തിക്ക് ഇടം കൊടുക്കേണ്ടേ? നഷ്ടപ്പെട്ടപാപികൾ കൂട്ടംകൂട്ടമായി ക്രിസ്തുവിങ്കലേയ്ക്ക് അടുത്തുവരുന്നത് നമുക്കു കാണേണ്ടേ?

സി.എച്ച് സ്പർജൻ പറയുന്നത് സഭ വിശുദ്ധിയിലാണെങ്കിൽ അതിന്റെ സാക്ഷ്യവും ക്രിസ്തുവിൽ ശക്തിമത്തായിരിക്കും.

നമ്മുടെ സഭകൾക്ക് ശക്തമായ ഒരു സാക്ഷ്യമുണ്ട് എന്ന് ആത്മാർത്ഥമായി പറയുവാൻ നമുക്കു കഴിയുമോ? അതല്ലെങ്കിൽ, ആ അവസ്ഥയ്ക്ക് നാം എന്ത് പേർ വിളിക്കും? ആ അവസ്ഥയിൽ നാം എന്തു പങ്ക് വഹിച്ചു?

സഭയിൽ മലിന വസ്തുക്കൾ

ഓടകളോ പൈപ്പുകളോ കേടായാൽ മാലിന്യങ്ങൾ മുറിയിലും,വഴിയിലും മുറ്റങ്ങളിലും ശല്യമായിത്തൂരുന്നു. സഭകളിലും അങ്ങനെതന്നെ. ഒരു കാര്യം വ്യക്തമാണ്. പ്രശ്നം തള്ളികളയാവുന്നതല്ല. ഓരോരുത്തരും ബുദ്ധിമുട്ടിലായിരിക്കുന്നു. ആരോഗ്യവിഭാഗം അടിയന്തരനടപടി എടുക്കണം. കാര്യങ്ങൾ ശരിയായിപോകുന്നില്ല. പ്രശ്നം പരിഹരിക്കപ്പെടുന്നതുവരെ ആളുകൾ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

(ശേഷം 5-ാംപേജിൽ)

(4-ാം പേജിന്റെ തുടർച്ച)

വിശുദ്ധിക്കുവേണ്ടിയുള്ള വാഞ്ഛ

കാര്യങ്ങൾ ഓടയിലെ മാലിന്യങ്ങളെക്കാൾ പ്രശ്നമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. സുവിശേഷവിഹിത സഭകളും സുവിശേഷകന്മാരും പ്രശ്നങ്ങളിലാണ് പാപം ഭരിക്കുന്നു.

അശുദ്ധിയുടെ അഴുക്കുചാലുകൾ മന:പൂർവ്വമായി അഹങ്കാരമായി സഭയിലേക്ക് തുറന്നിരിക്കുന്നു വ്യഭിചാരം, മദ്യപാനം, അശുദ്ധി, വിവാഹമോചനം, അയോഗ്യമായ വസ്ത്രധാരണം, തുടങ്ങിയവ മുന്നിര ക്രിസ്ത്യാനികൾ, സഭകൾ ബഹുമാനിക്കുന്നവർ എന്നിവരുടെയിടയിൽ പകർച്ച വ്യാധിപോലെ പിടിച്ചിരിക്കുന്നു.

അങ്ങനെ അശുദ്ധിയുടെ അഴുക്കുചാലുകൾ ബഹുമാനിക്കപ്പെടുന്ന രൂപത്തിൽ ഉണ്ടാവുകയും അതിനെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു- അധികച്ചെലവ്, വീട്ടാൻ വയ്യാത്തകടം, അത്യാർത്തി, വെടിപറയൽ, കൊതി, കയ്പ്, അഹങ്കാരം, വിമർശനാത്മാവ്, നിരുൽസാഹപ്പെടുത്തുക, താല്ക്കാലിക ലാഭം, സ്വാർത്ഥത, മുറിഞ്ഞ ബന്ധങ്ങൾ എന്നിങ്ങനെ വിവിധ രൂപത്തിൽ അഴുക്കുകൾ വിശ്വാസികളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ദു:ഖത്തോടെ, സഭ ദൈവത്തിന്റെ വിശുദ്ധിയും മഹത്വവും പ്രദർശിപ്പിക്കപ്പെടേണ്ടയിടം - പാപത്തിന് സുരക്ഷിത സ്ഥലങ്ങളായി മാറിയിരിക്കുന്നു.

നഷ്ടപ്പെടുന്ന ഒരു ദൂത്

എന്തിനാണ് ഈ പകർച്ച വ്യാധികളെ സഭകളിൽ തുറന്നു വച്ചിരിക്കുന്നത് കൂടുതൽ പരസ്യമായിട്ടല്ല- എന്നാൽ പാപം ഇന്ന് സഭയിൽ ഇല്ലേ? ധാരാളം കാരണങ്ങൾ പറയാനുണ്ടായേക്കാം. സുവിശേഷ വിഹിത സഭകളിൽ പാപത്തെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചും ധാരാളം പ്രസംഗിക്കുന്നുമുണ്ട്.

ഈ ദിവസങ്ങളിൽ ഞാൻ വിശുദ്ധിയെക്കുറിച്ച് പ്രസംഗിക്കുമ്പോഴൊക്കെയും ഒരു മറുപടി എനിക്ക് കിട്ടുന്നു. നന്ദി!

ദൈവത്തിന്റെ മാറ്റമില്ലാത്ത വചനമായ പുതിയനിയമവും പഴയനിയമവും ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചും പാപത്തോടുള്ള ദൈവത്തിന്റെ വെറുപ്പും, അനുസരിക്കാത്ത പാപികളുടെമേൽ വരുന്ന ദൈവത്തിന്റെ കോപവും ന്യായവിധിയും, ദൈവത്തിന്റെ കരുണയും, കൃപയും സ്നേഹവും ഒരുപോലെ വ്യക്തമായി വെളിപ്പെടുത്തുന്നു.

നമ്മുടെ പെരുമാറ്റങ്ങളും പരിചയങ്ങളും എല്ലാം പാപം നിറഞ്ഞതാണ് എന്ന് നമുക്കറിയാം. എന്നാൽ ലോകത്തിന്റെ തത്വങ്ങൾ നോക്കിയും, ചിന്തിച്ചും, പ്രവർത്തിച്ചും എല്ലാം ശരിതന്നെ എന്ന് മാത്രം പറഞ്ഞും കൊണ്ടിരിക്കുന്നു.

നേരിട്ടോ സൗകര്യം അനുസരിച്ചോ പൊതുവായോ ആളുകളുടെ പാപം നാം ബോദ്ധ്യപ്പെടുത്തണം. ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ച് സംസാരിക്കണം. ദൈവത്തിന്റെ നീതിയെയും ന്യായവിധിയെയും അറിയിക്കണം.

ദൈവമഹത്വത്തിനുവേണ്ടിയുള്ള ഒരു ദാഹം

നെഹെമ്യാവ് ഒരു ദൈവഭക്തൻ, അദ്ദേഹം ലോകത്തിന്റെ മാലിന്യങ്ങൾ തന്നിലേയ്ക്ക് പ്രവേശിപ്പാൻ അനുവദിച്ചില്ല. അദ്ദേഹം ഒരിക്കലും പാപത്തിന് അടിമപ്പെട്ടില്ല. ചുറ്റുപാടു മുഴുൻ ആത്മീക ചിന്ത നഷ്ടമായിരിക്കുമ്പോഴും ദൈവത്തിന്റെ ന്യായപ്രമാണം തന്റെ ഹൃദയത്തിൽ എഴുതപ്പെട്ടിരുന്നു. സാഹചര്യങ്ങൾ മുഴുവനും പ്രതികൂലം എങ്കിലും ദൈവസ്നേഹം തന്നെ നിർബ്ബന്ധിച്ചു കൊണ്ടേയിരുന്നു.

പേർഷ്യാ ദേശത്ത് പ്രവാസിയായി പാർത്തിരുന്ന ഒരു ഹൃദന്മാരിൽ ഒരുവനയായിരുന്നു നെഹെമ്യാവ്. ബി.സി.444-ൽ എസ്രായുടെ നേതൃത്വത്തിൽ യരുശലേം ദൈവാലയം പുതുക്കിപ്പണിയുവാൻ പോയതിന്റെ 14 വർഷങ്ങൾക്കുശേഷം , നെഹെമ്യാവ് കേട്ടത്, യരുശലേമിന്റെ മതിലുകൾ ഇപ്പോഴും ഇടിഞ്ഞു കിടക്കുന്നു. തന്റെ സുഖപ്രദമായ ജോലി ഉപേക്ഷിച്ചു. 900 മൈൽ യാത്ര ചെയ്ത് യെരുശലേമിന്റെ ഉദ്ധാരണത്തിന് തന്റെ സഹോദരന്മാരെ സഹായിക്കുവാൻ നെഹമ്യാവ് തയ്യാറായി. മൂന്നംഗ സംഘമായി സൻബല്ലത്തിന്റെയും തോബിയാവിന്റെയും, ഗേശെം-ന്റെയും ഭീഷണി നിലനിൽക്കുമ്പോഴും നെഹെമ്യാവ് മതിലുകൾ പുതുക്കിപ്പണിതു.

പുരോഹിതനായ എസ്രായുടെ കാലത്ത് നെഹെമ്യാവ് .യഹൂദയിലെ ഗവർണ്ണറായി. ആളുകളുടെ ഹൃദയങ്ങളിൽ നിന്നും നഷ്ടമായ ധാർമ്മിക അടിസ്ഥാനങ്ങളേയും പുതുക്കിപ്പണിയുവാൻ നെഹെമ്യാവിനു കഴിഞ്ഞു. ദീർഘനാളുകളായി നഷ്ടപ്പെട്ടിരുന്ന ദൈവവചനത്തിലേയ്ക്ക് മടങ്ങി വരുവാനുള്ള നെഹെമ്യാവിന്റെ ആഹ്വാനം ജനം ഏറ്റെടുത്തു.

ആ ഉണർവ്വിന്റെ ഭാഗമായി ജനം ദൈവവുമായി ഒരു ഉടമ്പടി ചെയ്തു. റൊമാനിയൻ മാനസാന്തരക്കാർ എടുത്തതുപോലെ ഒരു പ്രതിജ്ഞ അവർ എടുത്തു. അന്യജാതിക്കാരത്തികളെ വിവാഹം കഴിക്കയില്ല എന്ന് അവർ തീരുമാനിച്ചു. ശബ്ബത്തിൽ ക്രയവിക്രയങ്ങൾ ചെയ്കയില്ല എന്ന് തീരുമാനിച്ചു. ദൈവാലയത്തിലെ ആവശ്യങ്ങളിൽ ലേവ്യരും സഹായിക്കുവാൻ തീരുമാനിച്ചു.

12 വർഷക്കാലം യരുശലേമിൽ സേവചെയ്തശേഷം നെഹെമ്യാവ് പേർഷ്യയില്ക്ക് തിരികെപോയി. എത്ര സമയം എന്നറിയില്ല, ഒരു പക്ഷേ രണ്ട് വർഷക്കാലമായിരിക്കാം, വീണ്ടും യരുശലേമിലേക്ക് മടങ്ങിവന്നു. കണ്ട കാഴ്ച ഞെട്ടിപ്പിക്കുന്നതായിരുന്നു. അവർ എടുത്ത തീരുമാനങ്ങളിൽ പരാജയപ്പെട്ടിരിക്കുന്നു. ദൈവവചനം അവർ ഉപേക്ഷിച്ചിരിക്കുന്നു. ശബ്ബത്തിൽ അവരുടെ സ്വന്തം കാര്യാദികളിൽ മുഴുകിയിരിക്കുന്നു. ആലയത്തിന്റെ ആവശ്യങ്ങളിൽ ശ്രദ്ധ കാണിക്കുന്നില്ല. ദൈവത്തെ വിശ്വസിക്കാത്ത അന്യദേശക്കാരത്തികളെ വിവാഹം കഴിക്കുന്നു. നെഹെമ്യാവിനു ദു:ഖമായി, അവരുടെ പിന്മാറ്റത്തിനെതിരെ ശക്തമായി പ്രതികരിച്ചു.

ആലയപ്പണിയിൽ തോഹിയാവ് അവരുടെ ശത്രുവായിരുന്നു. വർഷങ്ങൾ കഴിഞ്ഞപ്പോൾ യിസ്രായേൽ പടിപടിയായി അവരുമായി കൂട്ടുകെട്ടിലേർപ്പെട്ടു. വിവാഹബന്ധം കൂടി. തോബിയാവിന്റെ കുടുംബവും പുരോഹിതനായ എല്യാഷീബിന്റെ കുടുംബവും തമ്മിൽ വിവാഹബന്ധത്തിലേർപ്പെട്ടു. കാലങ്ങൾ കഴിഞ്ഞപ്പോൾ തോബിയാവിന്റെ കുടുംബവും വേർപെട്ട ജനവും തമ്മൽ യാതൊരു വ്യത്യാസവുമില്ലാതായി. എന്നാൽ എല്ലാം അപ്രത്യക്ഷമായി.

അവിശ്വസനീയമായ നിലയിൽ നെഹെമ്യാവ് യരുശേലമിലേയ്ക്ക് മടങ്ങി വന്നു. ദൈവത്തിന്റെ ശത്രുക്കളായ അമ്മോന്യർ ഇപ്പോൾ ദൈവത്തിന്റെ ആലയത്തിൽ വസിക്കുന്നു. അത് ദൈവകല്പനയുടെ പ്രത്യക്ഷമായ ലംഘനമായിത്തീർന്നു. കാരണം ഒരു അമ്മോന്യൻ ദൈവത്തിന്റെ ആലയത്തിൽ പ്രവേശിപ്പാൻ പാടില്ലായിരുന്നു. എന്നാൽ ഇപ്പോൾ പുരോഹിതൻ നല്കിയ ദൈവാലയത്തിന്റെ ഒരു മുറിയിൽ തോബിയാവ് വസിക്കുന്നു.

ദൈവമില്ലാത്ത തോബിയാവ് ദൈവാലയത്തിലേയ്ക്ക് വന്നു. ഇന്നത്തെ സഭകലിലും ഇതുപോലെയത്രേ പാപം ഒരു സാധാരണ സംഗതിയായിത്തീർന്നിരിക്കുന്നു. എന്നാൽ നെഹെമ്യാവ്

(ശേഷം 7-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

പാപലോകത്തിൽ വിശുദ്ധിയിൽ ജീവിക്കുന്നു

പെടുന്ന ദൈവത്തിന്റെ പ്രവൃത്തിയെയാണ്.

6-ാം വാക്യത്തിൽ പറയുന്നത്, " നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ട് എന്ന് നാം അറിയുന്നു "(റോമ. 6:6). ഇത് പറയുന്നത് ക്രിസ്തുവിനോടുകൂടെയുള്ള നമ്മുടെ ക്രൂശീകരണത്താൽ പാപത്തിന്റെ ശക്തി തകർക്കപ്പെട്ടിരിക്കുന്നു. നാം ഇനി പാപം ചെയ്യരുത്.

യേശു നമുക്ക് പകരമായി മരിക്കുന്നു. നമ്മുടെ പാപങ്ങളെ അവൻ ക്രൂശിൽ വഹിച്ചു. അതിനക്കാളുപരി നമ്മെയും ക്രൂശിലേയ്ക്ക് നയിക്കുന്നു. നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവൃത്തി.

11-ാം വാക്യത്തിൽ വീണ്ടും കാണുന്നത്, " യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെ കൊണ്ട് നിങ്ങളുടെ മർത്യ ശരീരങ്ങളെയും ജീവിപ്പിക്കും" (റോമർ. 8:11). ഈ സത്യം നമ്മൾ അറിയണം, അത് നമ്മൾ വിശ്വസിക്കണം. അതിനെ നാം വിലയിരുത്തണം. ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളോട് ഏകീഭവിച്ച് അവിടുത്തെ മരണം നമ്മുടെ മരണമായി, അവിടുത്തെ പുനരുത്ഥാനം നമ്മുടെ പുനരുദ്ധാനമായി നാം ഏറ്റെടുക്കുന്നില്ല എങ്കിൽ പാപത്തിന്മേലുള്ള വിജയത്തിന്റെ യാഥാർത്ഥ്യം ഒരിക്കലും നാം അറിയുകയില്ല. അനുദിന ജീവിതത്തിലെ അനുസരണവും പരിശുദ്ധാത്മാവിലുള്ള ആശ്രയവും ഒരു പ്രത്യേകമായ അനുഭവമാണ്. അതനുഭവിച്ച അപ്പോസ്തലനായ പൗലൊസ് പറയുന്നത്, " ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് " (ഗലാ. 2:20).

നമ്മുടെ പക്ഷം എന്നത്, ഈ വസ്തുത അറിയുകയും വിശ്വസിക്കയും അംഗീകരിക്കയും അതനുസരിച്ചുള്ള നല്ല ധാർമ്മിക ജീവിതം നയിക്കയും ചെയ്യുക എന്നുള്ളതാണ്. അതായത് പൂർണ്ണമായും ലോകത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും വഴിയിൽ നിന്നും വിട്ടുതിരിഞ്ഞ് പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ച് നമ്മുടെ സ്വയത്തെ പൂർണ്ണമായി ക്രൂശിച്ച് ദൈവത്തിനായി ജീവിക്കുക എന്നതാണ്.

ക്രൂശ് എന്നത് ദൈവത്തിന്റെ പദ്ധതിയും നമ്മെ വിശുദ്ധീകരിപ്പാനുള്ള ദൈവത്തിന്റെ വഴിയുമാണ്. അത് ക്രിസ്തുവിന്റെ മരണ പുനരുദ്ധാനങ്ങളോടുള്ള ഏകീഭാവമാണ്. ആ പദവി നമ്മുടെ വ്യക്തിപരമായ അനുഭവമായിമാറണം.

പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു.

നമ്മെ ശുദ്ധീകരിപ്പാനുള്ള മേൽ പറയപ്പെട്ട രണ്ട് ചിന്താഗതികളും നിഷേധാത്മകമായ രീതിയിലാണ് കാണുന്നത്. രക്തത്താലും ക്രൂശിനാലും ശുദ്ധീകരിക്കപ്പെടുന്നു. എന്നാൽ സാധകാത്മകമായ മറ്റൊരു വശം ശുദ്ധീകരണത്തെ സംബന്ധിച്ചുണ്ട്. പരിശുദ്ധാത്മാവിനാലുള്ള ശുദ്ധീകരണം.

പുനരുദ്ധാനദിവസത്തിൽ യേശു തന്റെ ശിഷ്യന്മാരുടെ മേൽ ഊതിയിട്ട് പറഞ്ഞു, പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ " (യോഹ.20:22). അൻപതു ദിവസത്തിന് ശേഷം, പെന്തെക്കോസ്തു ദിവസത്തിൽ, അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.

പരിശുദ്ധാത്മാവ് വിശുദ്ധമായതും അവിടുന്ന് അതിനെ നമ്മുടെ ഉള്ളിൽ പകരുന്നതും ആകുന്നു. ദൈവം നമ്മെ നീതിമാന്മാരായി എണ്ണുകമാത്രമല്ല, നീതീകരിക്കയും ചെയ്യുന്നു. പരിശുദ്ധാത്മാവ് നമ്മെ പുനരുദ്ധാനത്തിന്റെ ആത്മാവിനാൽ നിറയ്ക്കുന്നില്ല എങ്കിൽ വിശുദ്ധജീവിതത്തിന്റെ യാഥാർത്ഥ്യം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുകയില്ല.

നമ്മുടെ മന:പൂർവ്വമായ സ്വാർത്ഥ സ്വഭാവങ്ങൾ ക്രൂശിൽ തറയ്ക്കപ്പെടണം. നമ്മുടെ സ്വാർത്ഥമോഹങ്ങൾ എല്ലാം ദൈവത്തിന് ശത്രുതയാണ്. നമ്മുടെ ആ സ്വാർത്ഥമോഹങ്ങളെല്ലാം ദൈവം കാൽവറിക്രൂശിൽ യേശുവിന്റെ മേൽ ചുമത്തി. നാം ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേൽക്കയും ചെയ്തു. നമുക്ക് ഇപ്പോൾ ജീവന്റെ പുതുക്കത്തിൽ നടക്കാൻ കഴിയുന്നു. ക്രിസ്തുവിന്റെ സ്വഭാവം ഇപ്പോൾ നമ്മിലുണ്ട്. അങ്ങനെ ജീവിതം ചെയ്യുവാൻ കഴിയുന്നു. പരിശുദ്ധാത്മാവ് അവന്റെ മേൽ വന്നിട്ട് ദൈവസേവ ചെയ്യുവാൻ അവനെ പ്രാപ്തനാക്കുന്നു.

ക്രൂശീകരണത്തിന്റെ തലേ ദിവസം വൈകുന്നേരം യേശു തന്റെ ശിഷ്യന്മാരെ ഈ ദൗത്യത്തിനായി ഒരുക്കി. (യോഹ. 14-16). സ്വർഗ്ഗാരോഹണത്തിന് അല്പം മുമ്പു യേശുവിനെയും തന്റെ ശിഷ്യന്മാരെ വിളിച്ചു കൂട്ടി ധൈര്യപ്പെടുത്തി, "അങ്ങനെ അവൻ അവരുമായി കൂടിയിരിക്കുമ്പോൾ അവരോട്: നിങ്ങൾ യെരുശലേമിൽ നിന്നും വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം. യേഹന്നാൻ വെള്ളം കൊണ്ട് സ്നാനം കഴിപ്പിച്ചു, നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പേ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്ന് കല്പിച്ചു" (അ.പ്രവ. 1:4,5). ഈ അനുഭവം പെന്തെക്കോസ്തു നാളിൽ അവരുടെമേൽ വന്നു. ഇന്നും ദോഹത്തോടെ ക്രിസ്തുവിങ്കലേയ്ക്ക് വന്നു കുടിക്കുന്നവന് വാഗ്ദത്തം ചെയ്ത ആ പരിശുദ്ധാത്മാവിനെ വേണ്ടുവോളം ലഭിക്കും വ്യക്തിപരമായ ഒരു പെന്തെക്കോസ്തു.

ചരിത്രപരമായ കാൽവറിയും പെന്തെക്കോസ്തും വീണ്ടും ആവർത്തിക്കുന്നില്ല എങ്കിലും അടുത്തുചെന്ന് ആ കാൽവറിയും പെന്തെക്കോസ്തും വീണ്ടും ജീവിതത്തിൽ അനുഭവമാക്കുവാൻ കഴിയും. അതെ, ക്ഷമിക്കപ്പെട്ടവർക്ക് വിശ്വസിക്കുന്നവർക്ക് സമർപ്പിക്കുന്നവർക്ക് അത് സാധിക്കും.

അങ്ങനെ നമ്മെ ശുദ്ധീകരിക്കുന്ന ദൈവത്തിന്റെ പദ്ധതികളിൽ ഒന്നാണ് പരിശുദ്ധാത്മാവ്. പത്രോസ് ഇതുമായി ബന്ധപ്പെട്ട് കൊർന്നല്യോസിന്റെ ഭവനത്തിൽ ഇങ്ങനെ പറഞ്ഞു. ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്കു തന്നതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ കൊടുത്തു കൊണ്ട് സാക്ഷി നിന്നു. വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചതിനാൽ നമുക്കും അവർക്കും തമ്മിൽ ഒരു വ്യത്യാസവും വച്ചിട്ടില്ല (അ.പ്രവ. 15:8,9).

പരിശുദ്ധാത്മാവിനാൽ വളരുന്ന വിശുദ്ധ ജീവിതം

രക്തത്താലും ക്രൂശിനാലും ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലും പെട്ടെന്ന് ദൈവത്തിന്റെ ശുദ്ധീകരണ പ്രവർത്തി നമ്മിൽ നടക്കുന്നു, എന്നാൽ വിശുദ്ധിയുടെ തുടർച്ചയായ പ്രവൃത്തിയും ദൈവത്തിന്റെ ശുദ്ധീകരണ

(ശേഷം 7-ാംപേജിൽ)

(6-ാംപേജിന്റെ തുടർച്ച)

പാപലോകത്തിൽ വിശുദ്ധിയിൽ ജീവിക്കുന്നു

പദ്ധതിയിലുണ്ട്. പരിശുദ്ധാത്മാവ് നമ്മുടെ പാപത്തെ നീക്കുവാൻ രക്തത്തെയും ക്രൂശിനെയും ഉപയോഗിക്കുക മാത്രമല്ല, ക്രിസ്തുവിന്റെ സ്വഭാവത്തോടനുരൂപപ്പെടുവാനുള്ള പ്രവൃത്തിയും നമ്മിൽ ചെയ്യുന്നു. സ്വഭാവരൂപീകരണത്തിൽ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. നമ്മുടെ സ്വഭാവവും ജീവിതവും പാപസ്വഭാവമുള്ളതല്ല എങ്കിലും പുതിയ മനുഷ്യന് അത് പര്യാപ്തമല്ല.

ശുദ്ധീകരണത്തിന്റെ പ്രവൃത്തി തുടർച്ചയായി നടക്കുന്നു, അതിനെ കൃപയിൽ വളരുന്നു എന്നു പറയുന്നു. പരിശുദ്ധാത്മാവ് നമുക്ക് സഹായിയും ഉപദേഷ്ടാവും സ്വഭാവത്തെ രൂപപ്പെടുത്തുവാനും ആകുന്നു. നാം ആശ്രയവും സമർപ്പണവും ഉള്ളവരായിരിക്കുന്നു എങ്കിൽ പരിശുദ്ധാത്മാവ് തന്റെ അത്ഭുതപ്രവൃത്തികൾ നമ്മിൽ ചെയ്യുവാൻ ശക്തനാണ്.

വചനത്താലുള്ള വിശുദ്ധിയുടെ പുരോഗമനപരമായ വശം

പുരോഗമനപരമായി വിശുദ്ധീകരണത്തിന്റെ പ്രവൃത്തിക്ക് മറ്റൊരു വശമുണ്ട്. നാം പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. യേശു പറഞ്ഞു. “ ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു” (യോഹ. 15:3). “സത്യത്താൽ അവരെ ശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യം ആകുന്നു” (യോഹ. 17:17). അപ്പോസ്തലനായ പത്രൊസ് ആ വിഷയത്തെക്കുറിച്ച് സംസാരിക്കുന്നത്, എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോജരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കുകകൊണ്ട് ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ (1പത്രൊ. 1:22). സങ്കീർത്തനക്കാരൻ പറയുന്നത്, “ നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു” (സങ്കീ. 119:105). സങ്കീർത്തനം 119-ൽ കാണുന്നത് “ ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചന പ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ”.

ദൈവവചനം തുടർച്ചയായി നമുക്ക് ആവശ്യമുണ്ട്, വിശ്വാസത്തിനു ക്രിസ്തീയ ജീവിതത്തിനുമുള്ള സുരക്ഷിതമായ പ്രമാണം അതു മാത്രമാണ്. ക്രിസ്തീയ വളർച്ചയ്ക്ക് ദൈവവചനം അത്യാവശ്യമാണ്.

അച്ചടക്കത്താൽ വളരുന്ന വിശുദ്ധി

വിശുദ്ധിയുടെ വളർച്ചയെ സംബന്ധിച്ച് അടുത്ത ചിന്താഗതി അച്ചടക്കമാണ്. ആദാമ്യ ജീവന്റെ രക്ഷയ്ക്കായി ഒരു വഴിയേ വേദപുസ്തകം പറയുന്നുള്ളൂ അത് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുക എന്നതാണ്.

എബ്രായ ലേഖനം രണ്ടാം അധ്യായം വ്യക്തമായി വിശുദ്ധിയെ സംബന്ധിച്ച അനുസരണത്തെക്കുറിച്ച് പറയുന്നു(എബ്രാ. 12:1-13). ഇതു പറയുന്നത്, നമ്മുടെ പിതാക്കന്മാർ, അവർ പൂർവ്വ പിതാക്കന്മാർ ശിക്ഷിച്ചത് കുറേക്കാലവും തങ്ങൾക്ക് ബോധിച്ച പ്രകാരവുമത്രേ, അവനോ നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നത് (എബ്രാ. 12:10). നമുക്ക് ശിക്ഷണം ആവശ്യമാണ്. നമുക്ക് പരിശീലനം വേണം. പരിശീലനത്താലാണ് അപൂർണ്ണത വരുന്നത്. വളരുവാൻ നാം ആഗ്രഹിക്കുന്നു എങ്കിൽ നിശ്ചയമായും നാം അത് പരിശീലിക്കണം.

കനാൻ ദേശത്തുപോലും യിസ്രായേലിന് പോരാട്ടമുണ്ടായിരുന്നു. വിശ്വാസികളായ നമുക്കും പോരാട്ടമുണ്ട്. ലോകം ജഡം, പിശാച് നമുക്ക് എതിരെ നിൽക്കുന്നു. അവയെ എല്ലാം കീഴടക്കണം, ദൈവം നമുക്ക് തരുന്നതാ സാധാരണ വിശുദ്ധിയല്ല, പൂർണ്ണ വിശുദ്ധിയെ അവിടുന്ന് നമുക്ക് തരുന്നു. ദൈവം എപ്പോഴും നമ്മെ ശ്രദ്ധിക്കുന്നു. യിസ്രായേലിനെപ്പോലെ നാം പരാജയപ്പെട്ടുപോകുന്നുവെങ്കിൽ ദൈവം നമ്മെ ഉപേക്ഷിക്കും.

നമ്മുടെ നന്മയ്ക്ക് വേണ്ടി ദൈവം സാഹചര്യങ്ങളെ മാറ്റി മറിക്കുന്ന രീതികൾ വളരെ ചിന്തനീയമാണ്. ചിലപ്പോൾ ഉപയോഗമില്ലാത്ത വ്യക്തികളെക്കൊണ്ട് ദൈവം നമ്മോട് സംസാരിക്കും. ഇയ്യോബ് മൂന്നുപോരുടെ കുറ്റാരോപണങ്ങളാൽ പഠിക്കേണ്ടിവന്നു. പത്രൊസ് ഒരു പൂവൻ കോഴിയിലൂടെയാണ് തനിക്ക് സുബോധം വന്നത്. ബിലെയാം ഒരു കഴുതയിലൂടെയാണ് പഠിച്ചത്. പൗലൊസിനെ നിയന്ത്രിച്ചു നടത്തിയിരുന്നത് ഒരു മുള്ളായിരുന്നു. അബ്രഹാം താൻ ദൈവത്തെക്കാൾ യിസ്ഹാക്കിനെയാണ് സ്നേഹിക്കുന്നത് എന്ന് പഠിക്കണമായിരുന്നു. ഏലിയാവിൽ മറഞ്ഞിരിക്കുന്ന ഒരു ബലഹീനതയുണ്ടായിരുന്നു, ഒരു ഭയം ഒരു സ്ത്രീയുടെ വാക്കുകേട്ട് ഓടിപ്പോയി.

“യേശു പോലും പുത്രൻ എങ്കിലും ഞാൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു” (എബ്രാ. 5:8). യേശു പരിശുദ്ധനായിരുന്നു, എന്നാൽ അവിടുന്ന് തീയിലൂടെ കടന്നുപോകേണ്ടിയിരുന്നു. നാം പഠിക്കേണ്ടത് പൂർണ്ണവും സ്ഥിരവുമായ അനുസരണമാണ്.

വീണുപോയ മനുഷ്യനെ ഉദ്ധരിക്കുന്നതിൽ ദൈവത്തിന്റെ അതിശ്രേഷ്ടമായ പ്രവൃത്തിയെന്നത് അവരെ വിശുദ്ധീകരിക്കയാണ്. അനുസരണത്തിലൂടെ വിശുദ്ധരാക്കുന്നു. രണ്ടു കാര്യങ്ങൾ അതിൽ നാം ഒഴിവാക്കേണ്ടതുണ്ടു. കോപിക്കരുത്. നിരാശപ്പെടരുത്. കഠിനമായ ചില സാഹചര്യങ്ങളെ ഓർത്തു ഭാരപ്പെടരുത്. ഒരു പക്ഷേ അത് നിങ്ങളെ ശുദ്ധീകരിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയായിരിക്കാം. നിരാശപ്പെടരുത്.

രണ്ടും, തെറ്റാണ്, ഒന്ന് നമ്മെ ശുദ്ധീകരിപ്പാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിരിക്കാം. വരുന്ന പ്രതിസന്ധികൾ മറ്റൊന്ന് നൈമിഷികങ്ങളായി നമ്മിലുള്ള പ്രതിസന്ധികളിലൂടെ നമ്മെ ശുദ്ധീകരിക്കുന്ന പൂർണ്ണമായ ദൈവത്തിന്റെ പ്രവൃത്തിയായിരിക്കാം അത്.

രക്തത്താലും ക്രൂശിനാലും പരിശുദ്ധാത്മാവിനാലും, വചനത്താലും, അച്ചടക്കത്തിനാലും ദൈവം നമ്മെ ശുദ്ധീകരിക്കുന്നു. നാം കോപിക്കയോ നിരാശപ്പെടുകയോ അരുത്. എന്നാൽ വിശ്വാസത്തോടെ നമ്മെ സമർപ്പിച്ച് ദൈവത്തിൽ ആശ്രയിച്ച് ദൈവത്തിന്റെ വലിയ പ്രവൃത്തിക്ക് ഏല്പിച്ചുകൊടുക്കാം, എഫേസ്യലേഖനത്തിലെ വചനങ്ങൾ നമ്മിൽ പൂർണ്ണമാകട്ടെ, “ക്രിസ്തുവും സഭയെ സ്നേഹിച്ചു.... അവൻ അവളെ വചനത്തോടുകൂടിയ ജല സ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിന് തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു”. (എഫെ. 5:25-27). ❖

(5-ാം പേജിന്റെ തുടർച്ച)

വിശുദ്ധിക്കുവേണ്ടിയുള്ള വാഞ്ഛ

വിശുദ്ധിയെ സംബന്ധിച്ച് ആഴമായ ചിന്തയിലേയ്ക്ക് വരുന്നു. ഇത് ചിന്തിക്കാൻ പോലും കഴിയാത്ത സാഹചര്യം. നെഹെമ്യാവ് അതിൽ ഏറെ കോപിഷ്ടനായി നിർണ്ണായകമായ പ്രവൃത്തിയിലേക്ക് വരുന്നു.

നെഹെമ്യാവ് ശാരീരികമായ തോബിയാവിനെ നേരിട്ടു. തോബിയാവിനെയും അവനുള്ളതിനെയൊക്കെയും ആലയത്തിൽ നിന്നും പുറത്താക്കി.

(ശേഷം 8-ാംപേജിൽ)

(7-ാംപേജിന്റെ തുടർച്ച)

വിശുദ്ധിക്കുവേണ്ടിയുള്ള വാഞ്ഛ

മലിനപ്പെട്ട മുറികളെ ശുദ്ധീകരിപ്പാൻ കല്പനകൊടുത്തു. പുരോഹിതന്മാരെയും ജനത്തെയും വിലിച്ച് മാനസാന്തരത്തിലേയ്ക്ക് നടത്തി.

എന്തുകൊണ്ടാണ് നെഹെമ്യാവ് ഇങ്ങനെയൊരു കാര്യത്തിന് തുനിഞ്ഞത്. മറ്റുള്ളവരുടെ ജീവിതത്തിൽ കൈകടത്തുവാൻ നെഹെമ്യാവ് എങ്ങനെയാണ് തോന്നിയത്? എന്തുകൊണ്ടാണ് ദൈവത്തെ അനുസരിക്കുവാനും ഒറ്റയ്ക്ക് മറ്റുള്ളവരെ പുറത്താക്കുവാനും തുനിഞ്ഞത്? എന്തുകൊണ്ട്? കാരണം ദൈവത്തോടും ആലയത്തോടുമുള്ള എരിവിനാൽ അത് ജനത്തിന്മേൽ പ്രവർത്തിപ്പാൻ നെഹെമ്യാവ് നിർബന്ധിതനായി.

ആ തീക്ഷ്ണത നെഹെമ്യാവിന്റെ പുസ്തകത്തിലുടനീളം നാം കാണുന്നു. തന്റെ ആരാധനയിലും, തന്റെ പ്രാർത്ഥനയിലും, തന്റെ തെരഞ്ഞെടുപ്പിലും, തന്റെ വ്യക്തിപരമായ സമർപ്പണത്തിലും, തന്റെ ജനത്തിനുവേണ്ടിയുള്ള ഏറ്റുപറച്ചിലിലും കണ്ണീരിലും ശത്രുക്കളെ നേരിട്ട വിധത്തിലും അതു നാം കാണുന്നു. തന്റെ വ്യക്തിപരമായ ആവേശത്തിൽ വിശുദ്ധിക്കുവേണ്ടിയുള്ള തന്റെ ദാഹം നാം കാണുന്നു. ചെറിയ കാര്യങ്ങളിൽ പോലും (നെഹെ. 5:18) മറ്റുള്ളവരുടെ പാപങ്ങളെ സംബന്ധിച്ചുള്ള തന്റെ മനോഭാവത്തെ കാണാം.

ജനം തങ്ങളുടെ പാപത്തിന് വലിയ വിലകൊടുക്കേണ്ടിവരും എന്ന് നെഹെമ്യാവ് കണ്ടു. യഹോവയെ ആരാധിക്കാത്ത ജാതികളുടെയിടയിൽ പ്രവാസികളായി അവർ പോകേണ്ടി വന്നു. ആദ്യം ബാബിലോണിലേയ്ക്കും പിന്നെ പേർഷ്യയിലേയ്ക്കും പോകേണ്ടി വന്നു. എന്നാൽ അനുതാപത്തിലൂടെയും അനുസരണത്തിലൂടെയും ഒരിക്കൽ യെരുശലേമിലേയ്ക്ക് മടങ്ങിവരാനും ദൈവത്തിങ്കലെ മഹാസന്തോഷം അനുഭവിപ്പാനും അവർക്കടിമയായി എന്ന കാര്യവും നെഹെമ്യാവു കണ്ടു. അവർ തങ്ങളുടെ സന്തോഷത്തെ നഷ്ടപ്പെടുത്തി നാശത്തിലേയ്ക്ക് പോകുന്നത് കാണുവാനുള്ള കരുത്ത് നെഹെമ്യാവിനുണ്ടായിരുന്നില്ല. എന്നാൽ അവർ പാപം ചെയ്ത് പ്രവാസത്തിലേയ്ക്ക് പോകേണ്ടിവന്നു.

വിശുദ്ധിയിക്കു വേണ്ടിയുള്ള തന്റെ വാഞ്ഛ, തന്റെ കൂട്ടു നേതാക്കളുടെയിടയിൽ ഏറ്റവും ചെറിയവനായി എണ്ണപ്പെട്ടു. താൻ പ്രശ്നതനാകുവാൻ ആഗ്രഹിച്ചില്ല. തന്റെ പ്രധാന ചിന്ത എന്നത്, ദൈവത്തിന്റെ പരിശുദ്ധനാമം അവഗണിക്കപ്പെട്ടിരിക്കുന്നു, അതിൽ നിന്നും ഒരു ഉദ്ധാരണം ഉണ്ടാകുവാൻ നെഹെമ്യാവു കാത്തിരുന്നു.

മാനസാന്തരികളുടെ മാനസാന്തരത്തിന്റെ സമയം

നെഹെമ്യാവിന്റെ കാലത്തിലെ ജനത്തിന്റെ അവസ്ഥ ഇന്നത്തെ ആത്മീയ ഗോളത്തിലും വന്നെത്തിയിരിക്കുന്നു. അനേകം ആളുകൾ തങ്ങളെത്തന്നെ വിശ്വാസികൾ എന്ന് വിളിക്കുന്നു, മതപരമായ കാര്യപരിപാടികളും അവർക്കുണ്ട് എന്നാൽ ന്യായപ്രമാണം അവർക്ക് പുതുക്കിയെഴുതിയതുപോലെ ദൈവകൃപ അന്യപ്പെട്ടിരിക്കുന്നു, അത് പാപത്തിനുള്ള ലൈസൻസായി മാറിയിരിക്കുന്നു.

പാപത്തിന്റെ പ്രമാണം ദൈവീക സത്യത്തെ ജയിച്ചിരിക്കുന്നു. തോബിയാവ് ദൈവാലയത്തിൽ വസിക്കുന്നു. മോഹം, കൊതി, ഭൗതിക വാദം, കോപം, സ്വാർത്ഥത, അഹങ്കാരം, വിവാഹ മോചനം, വഞ്ചന, ദൈവഭയമില്ലായ്മ, ലൗകിക തത്വശാസ്ത്രങ്ങൾ തുടങ്ങിയവയാൽ നാം പടിപടിയായി ലോകമോഹങ്ങളിലേയ്ക്ക് അശുദ്ധ ബന്ധങ്ങളിലേയ്ക്കും ദൈവത്തിന്റെ ശത്രുക്കളുമായുള്ള കൂട്ടുകെട്ടിലേയ്ക്കും പൊയ്ക്കൊണ്ടിരിക്കുന്നു. അവയെ സഭയിലേക്ക് സ്വാഗതം ചെയ്യുന്നു, മാത്രമല്ല അവർക്ക് ഒരു ഇടം ആലയത്തിൽ കൊടുത്തുമിരിക്കുന്നു.

അതിനെല്ലാമപ്പുറത്ത് നഷ്ടപ്പെട്ടവർക്കും, പിന്മാറ്റക്കാർക്കും സുഖപ്രദമായ വാസം സഭയിലൊരുക്കുവാൻ വേണ്ടി കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്യുന്നു. പാപത്തെ സംബന്ധിച്ചു കുറ്റബോധം ഇല്ല, ജീവിതത്തിന് രൂപാന്തരമില്ല, ദൈവസാന്നിദ്ധ്യം ഇല്ല അതിനായി ഇടം കൊടുക്കുന്നുമില്ല.

നാം അവിശ്വാസികളോടുകൂടെ ആവശ്യമില്ലാത്ത കൂട്ടുകെട്ടിന് ഞാൻ നിർദ്ദേശിക്കുന്നില്ല. പാപികൾക്ക് ദൈവസാന്നിദ്ധ്യത്തിൽ വസിക്കുവാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ അവർക്ക് മാനസാന്തരപ്പെടാനും സാദ്ധ്യമല്ല.

ഈ സാഹചര്യത്തിൽ ഒരു ചോദ്യം നമ്മുടെ നാളുകളിലെ നെഹെമ്യാവുമാർ എവിടെ?

ആരെയും, ഒന്നിനെയും ഭയപ്പെടാതെ ദൈവത്തെ അത്യധികമായി സ്നേഹിക്കുന്ന ഭക്തന്മാരും ഭക്തമതികളും എവിടെ? വിശുദ്ധയിൽ ജീവിക്കുന്ന വിശുദ്ധന്മാർ എവിടെ? വീടുകളിൽ, തങ്ങളുടെ പ്രവൃത്തിയിൽ, സംസാരങ്ങളൽ, സ്വഭാവത്തിൽ, മനോഭാവത്തിൽ സാമ്പത്തികത്തിൽ, ഇടപാടുകളിൽ ഉപദേശിച്ചു നടത്തുന്ന ദൈവഭക്തന്മാർ എവിടെ?

സഭയുടെ ദൈവഭക്തിയില്ലാത്ത ഉല്ലാസങ്ങളിൽ മരണത്തിലേയ്ക്കുള്ള അവരുടെ വാസനയിൽ കണ്ണുനിറയുന്ന വിശ്വാസികൾ എവിടെ? ദേശത്തിന്റെയും വിശ്വാസികളുടെയും മാനസാന്തരത്തിനു വേണ്ടി മുട്ടിന്മേൽ നില്ക്കുന്ന ദൈവഭക്തന്മാർ എവിടെ?

വിശുദ്ധിക്കു വേണ്ടിയും ദൈവവചനത്തിനുവേണ്ടിയും നില്പാൻ ജനത്തെ വിളിക്കുന്ന നേതാക്കന്മാർ എവിടെ? തങ്ങളുടെ ജീവിതത്തിലും വീട്ടിലും ചുറ്റുപാടിലും യഥാർത്ഥമായി ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാൻ ബദ്ധപ്പെടുന്ന പിതാക്കന്മാരും അമ്മമാരും മക്കളും എവിടെ?

ദൈവത്തോട് അടുത്ത് ചെല്ലുന്ന ലോകത്തിനു വേണ്ടി സഭ കാത്തിരിക്കുന്നു. ദൈവത്തോട് നിരപ്പ് പ്രാപിപ്പാനായി ദൈവത്തെ അന്വേഷിച്ച് സഭയോടടുത്തു ചെല്ലുന്ന ഒരു ലോകം അത് എന്നാണ് സാദ്ധ്യമാവുക?

പ്രിയദൈവമക്കളേ, ഇത് മാനസാന്തരികൾക്ക് മാനസാന്തരപ്പെടാനുള്ള സമയമത്രേ. നാം അത് ചെയ്യുമ്പോൾ സഭ ഉണരും, ദേശം അനുഗ്രഹിക്കപ്പെടും.

"ജാതികളുടെയിടയിൽ നിങ്ങൾ അശുദ്ധമാക്കിയതായി അവരുടെയിടയിൽ അശുദ്ധമായിപ്പോയിരിക്കുന്ന എന്റെ മഹത്തായ നാമത്തെ ഞാൻ വിശുദ്ധീകരിക്കും. ജാതികൾ കാൺകെ ഞാൻ എന്നെത്തന്നെ നിങ്ങളിൽ വിശുദ്ധീകരിക്കുമ്പോൾ ഞാൻ യഹോവ എന്ന് അവർ അറിയും എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്..." ഞാൻ നിങ്ങളുടെ മേൽ നിർമ്മലജലം തളിക്കും. നിങ്ങൾ നിർമ്മലരായിത്തീരും. ഞാൻ നിങ്ങളുടെ സകല മലിനതകളെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കുംയ ശൂന്യമായിപ്പോയിരിക്കുന്ന പട്ടണങ്ങൾ വിശുദ്ധമായ ആട്ടിൻകൂട്ടം പോലെ ഉത്സവങ്ങളിൽ യെരുശലേമിലെ ആട്ടിൻകൂട്ടങ്ങൾ പോലെ തന്നെ മനുഷ്യരാകുന്ന ആട്ടിൻകൂട്ടം കൊണ്ടു നിറയും, ഞാൻ യഹോവ എന്ന് അവർ അറിയും (യെഹ.36:23,25,38). ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975